**ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്**

**പുറപ്പെടുവിക്കുന്നത്: ഡോ.പി.പുകഴേന്തി ഐ.എഫ്.എസ്.**

വിഷയം: കേരള വനംവകുപ്പ് - ഹരിത കേരളം മിഷൻ - ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി നോഡൽ ഓഫീസറെ നിയമിക്കുന്നത് - സംബന്ധിച്ച്.

സൂചന: സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3214/2017/ത.സ്വ.ഭ.വ, തീയതി 05.10.2017.

**ഉത്തരവ് നമ്പർ റ്റി3-75/2021 തീയതി 16.01.2021**

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെയുള്ള സംസ്കരണം പ്രോത്സാഹിപ്പിക്കുക, അജൈവമാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ച് ശാസ്ത്രീയമായ രീതിയിലുള്ള സംസ്കരണം ഉറപ്പുവരുത്തുക, മാലിന്യത്തിന്റെ ഉൽപാദനം കുറക്കുന്നതിന്റെ ഭാഗമായി അജൈവ വസ്തുക്കളുടെ ഉപയോഗം കുറക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണം പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ സാധ്യമാക്കുന്നതിന് എല്ലാ വകുപ്പുകളിലും നോഡൽ ഓഫീസർമാരെ നിയമിക്കുന്നതിന് സൂചന പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ സർക്കാർ ഓഫീസിന്റെ ദൈനംദിന പ്രവർത്തനത്തിന്റെ ഭാഗമായും അല്ലാതെയും നടക്കുന്ന എല്ലാതരം ചടങ്ങുകളിലും ഡിസ്പോസിബിൾ വസ്തുക്കൾ ഒഴിവാക്കി പുന:രുപയോഗിക്കുവാൻ കഴിയുന്നതും പുന:ചംക്രമണത്തിന് വിധേയമാക്കാൻ കഴിയുന്നതുമായ വസ്തുക്കൾ മാത്രം ഉപയോഗിക്കുന്നതിനും ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കി ഉത്തരവായിട്ടുണ്ട്. ഇതിന്റെ മേൽനോട്ടം വഹിക്കുന്നതിന് വനംവകുപ്പാസ്ഥാനത്തെ എസ്റ്റേറ്റ് ഓഫീസർ ആയ **ശ്രീ.ബി.എൻ.നാഗരാജ്,** ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (നോൺ കേഡർ)-നെ സംസ്ഥാനതല നോഡൽ ഓഫീസറായി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

കൂടാതെ തിരുവനന്തപുരം ജില്ലയിലെ എല്ലാ വനംവകുപ്പാഫീസിലും മേൽനോട്ടം വഹിക്കുന്നതിന് ഓഫീസ്തല കമ്മിറ്റികൾ രൂപീകരിച്ച് പ്രസ്തുത പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതും പ്രതിമാസ പുരോഗതി റിപ്പോർട്ടുകൾ തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ശ്രീ.ബി.എൻ.നാഗരാജ്, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (നോൺ കേഡർ)-നെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം)

പകർപ്പ്: ശ്രീ.ബി.എൻ.നാഗരാജ്, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (നോൺ കേഡർ)-ന് അറിവിനും തുടർനടപടികൾക്കുമായി നൽകുന്നു.

സ്റ്റോക്ക് ഫയൽ

Y: Faircopy T3 T3-75-21 01.21.Doc